# പേടിയില്ലാതെ തെങ്ങിൽ കയറാം; ചെമ്പേരി മോഡലിന് സി.പി.സി.ആർ.ഐ.യുടെ സുരക്ഷ

കാസർകോട്: വീഴുമെന്ന പേടിയില്ലാതെ ഇനി തെങ്ങിൽ കയറാം. ചെമ്പേരി മോഡൽ തെങ്ങുകയറ്റ യന്ത്രത്തിന് സുരക്ഷ നൽകാൻ കാസർകോട്ടെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്ര (സി.പി.സി.ആർ.ഐ.)ത്തിന്റെ സുരക്ഷാ ഉപകരണം റെഡി.

തെങ്ങുകയറ്റ യന്ത്രത്തിൽനിന്ന് താഴെവീഴാതെ സംരക്ഷിക്കുന്ന ഉപകരണമാണ് സി.പി.സി.ആർ.ഐ. ഒരുക്കിയത്. തെങ്ങുകയറ്റം പരിശീലിക്കുന്ന നവാഗതർക്ക് ആത്മവിശ്വാസം നൽകുന്നതാണ് ഈ ഉപകരണമെന്ന് സി.പി.സി.ആർ.ഐ.യിലെ ഡോ. എ.സി.മാത്യു അറിയിച്ചു. നൂറുരൂപയാണ് വില.

ചെമ്പേരി ജോസഫ് ഉണ്ടാക്കിയ 1500 രൂപ വിലയുള്ള ചെമ്പേരി മോഡൽ യന്ത്രത്തിന് ചെറിയ രീതിയിലുള്ള ഘടിപ്പിക്കൽ മാത്രമെ ആവശ്യമായി വരുന്നുള്ളൂ. യന്ത്രത്തിന്റെ അടിയിൽ വലത് കാലിനോടനുബന്ധിച്ച് രണ്ട് ലോഹക്കമ്പിയാണ് ഇതിന്റെ പ്രത്യേകത. രണ്ടറ്റവും ഘടിപ്പിക്കാവുന്ന ആറ് മില്ലിമീറ്റർ ലോഹ കയറാണ് നിയന്ത്രണം. തെങ്ങുകയറ്റ യന്ത്രം പ്രവർത്തിക്കുന്ന വേളയിൽ ഇതിനെ താഴോട്ടും മുകളിലോട്ടും ചലിപ്പിക്കാൻ പറ്റും. എന്തെങ്കിലും കാരണവശാൽ യന്ത്രം തകരാറിലാവുകയോ മറ്റോ ചെയ്താൽ ഭാരത്താൽ റോപ്പ് തെങ്ങിനോട് അടുപ്പിച്ച് നിർത്തി സംരക്ഷിക്കും.